**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 610** **08-10-2024 - ൽ മറുപടിയ്ക്ക്**

**സംരംഭകവർഷം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ പുതുതായി എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ; | (എ) | 2022-23 സാമ്പത്തിക വർഷം മുതൽ സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടത്തി വരുന്ന ക്യാമ്പയിനായ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2024 ഒക്ടോബർ 1 വരെയുള്ള ദിവസത്തെ കാലയളവിൽ, പാലക്കാട് ജില്ലയിൽ ആകെ 26541 സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു. സംരംഭകരുടെ പേരുവിവരം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമാണ്. |
| (ബി) | പ്രസ്തുത സംരംഭങ്ങളിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത സംരംഭങ്ങളിലൂടെ 58,746 തൊഴിലവസ രങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ